LIBRARY ARCHIVES Kerala Legislative Assembly

ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ

32 [2498] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, പി. എസ്. സുപാൽ :
,, എൻ. രാജൻ :
,, പി. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലേലത്തിൽ പോകാത്ത കള്ളുഷാപ്പുകൾ തുടർന്ന് നടത്തുന്നതിന് എന്ത് ബദൽ പരിഹാരമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ലേലസമ്പ്രദായം ഇപ്പോൾ നിലവിലില്ല. പകരം കള്ളുഷോപ്പുകൾക്ക് ലൈസൻസ് ഫീസ് മുൻകൂട്ടി നിശ്ചയിച്ചുകൊണ്ടു പുതുക്കൽ/വില്പന സമ്പ്രദായമാണ് നിലവിലുള്ളത്. അതായത് പുതുക്കലിൽ കൂടി പോകാത്ത കള്ളുഷാപ്പുകളും, പുതുക്കിനൽകാൻ യോഗ്യത ഇല്ലാത്ത കള്ളുഷാപ്പുകളും ആണ് ഒന്നാംഘട്ടം വില്പനയ്ക്ക് വെയ്ക്കുന്നത്. ഒന്നാംഘട്ടം വില്പനയിൽ പോകാത്ത ഷാപ്പുകൾ നോട്ടിഫൈഡ് റെന്റൽ തുകയുടെ 10% മുതൽ 50% വരെ കുറച്ചും തൊഴിലാളികളുടെ മൂന്ന് മാസത്തെ ക്ഷേമനിധി വിഹിതവും, ഒരു മാസത്തെ ശമ്പളം മുൻകൂർ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയും വില്പന നടത്തുന്നു. ഈ രീതിയിലും പോകാത്ത കള്ളുഷാപ്പുകൾ നാമമാത്രമായ 500 രൂപയ്ക്ക് തൊഴിലാളികളുടെ ക്ഷേമനിധി വിഹിതം, ഒരു മാസത്തെ മുൻകൂർ ശമ്പളം, വൃക്ഷക്കരം എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ട് അതാത് കള്ളുഷാപ്പുകളിലെ അംഗീകൃത വില്പനത്തൊഴിലാളികളും ചെത്തുതൊഴിലാളികളും ഉൾപ്പെട്ട തൊഴിലാളി കമ്മിറ്റികൾക്ക് ചുമതലപ്പെടുത്തി നൽകി വരുന്നു.

ലൈസൻസ് നൽകിയിട്ടുള്ള കള്ളുഷാപ്പുകൾ

33 [2499] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ലൈസൻസ് നൽകിയിട്ടുള്ള കള്ളുഷാപ്പുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ലൈസൻസ് നൽകുവാൻ ബാക്കിയുള്ള കള്ളുഷാപ്പുകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ലൈസൻസ് നൽകിയ ഷാപ്പുകളിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന ഷാപ്പുകൾ എത്രയാണെന്നും തൊഴിലാളികൾ നടത്തുന്ന ഷാപ്പുകൾ എത്രയാണെന്നും ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) കേരളത്തിലെ കള്ളുചെത്തു വ്യവസായ തൊഴിലാളികൾ തൊഴിൽ സംരക്ഷണത്തെ മുൻനിർത്തി നടത്തിയ സമരത്തെ തുടർന്ന് തൊഴിലാളികളുടെ പേരിലെടുത്ത അബ്കാരി കേസ്സുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തൊഴിലാളികളുടെ പേരിൽ എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സമരം ഒത്തുതീർപ്പിലെത്തിയപ്പോൾ തൊഴിലാളി സംഘടനകളുമായുള്ള ഒത്തുതീർപ്പ് ധാരണയുടെ അടിസ്ഥാനത്തിൽ അബ്കാരി കേസ്സുകൾ പിൻവലിക്കാനുള്ള നടപടികൾ സ്വീകരിച്ചോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	:	103
കൊല്ലം	:	214
പത്തനംതിട്ട	:	116
ആലപ്പുഴ	:	437
കോട്ടയം	:	449
ഇടുക്കി	:	163
എറണാകുളം	:	590
തൃശ്ശൂർ	:	664
പാലക്കാട്	:	610
മലപ്പുറം	:	205
കോഴിക്കോട്	:	180
വയനാട്	:	50
കണ്ണൂർ	:	309
കാസർഗോഡ്	:	130
ആകെ		4220

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	:	13
കൊല്ലം	:	24
പത്തനംതിട്ട	:	1
ആലപ്പുഴ	:	1
കോട്ടയം	:	3

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	:	–
എറണാകുളം	:	51
തൃശ്ശൂർ	:	46
പാലക്കാട്	:	1
മലപ്പുറം	:	1
കോഴിക്കോട്	:	–
വയനാട്	:	–
കണ്ണൂർ	:	–
കാസർഗോഡ്	:	1
ആകെ	–	142

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

	സ്വകാര്യ വ്യക്തികൾ നടത്തുന്നവ	*തൊഴിലാളികൾ നടത്തുന്നവ*
തിരുവനന്തപുരം	96	7
കൊല്ലം	194	20
പത്തനംതിട്ട	104	12
ആലപ്പുഴ	360	77
കോട്ടയം	413	36
ഇടുക്കി	156	7
എറണാകുളം	479	111
തൃശ്ശൂർ	161	503
പാലക്കാട്	455	155
മലപ്പുറം	155	50
കോഴിക്കോട്	113	67
വയനാട്	39	11
കണ്ണൂർ	300	9
കാസർഗോഡ്	112	18
ആകെ	3137	1083

(ഡി) ഉണ്ട്. 106 തൊഴിലാളികളുടെ പേരിൽ 153 കേസ്സുകൾ നിലവിലുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly